©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
# അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2026 ഫെബ്രുവരി 21
21st February 2026
1201 കുംഭം 9
9th Kumbham 1201
1947 ഫാൽഗുനം 2
2nd Phalguna 1947

നമ്പർ
No.
738

## കേരള സർക്കാർ

## തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

## വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 18/2026/തൊഴിൽ

*തിരുവനന്തപുരം, 2026 ഫെബ്രുവരി 21*
*1201 കുംഭം 9.*

**എസ്. ആർ. ഒ. നമ്പർ 234/2026**

1989 ജൂലൈ 6-ാം തീയതിയിലെ സ.ഉ.(സാധാ) 1280/89/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും, 1989 ജൂലൈ 6-ാം തീയതിയിലെ 632-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1181/89 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം കേരള സർക്കാർ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളതിനാലും;

2023 ജനുവരി 18-ാം തീയതിയിലെ സ.ഉ.(അച്ചടി) 14/2023/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും, 2023 ജനുവരി 19-ാം തീയതിയിലെ 229-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

108/2023 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം പുന:സംഘടിപ്പിച്ച ബോർഡിന്റെ കാലാവധി അവസാനിച്ചതിനാലും;

ഇപ്പോൾ, അതിനാൽ, 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 2) 6-ാം വകുപ്പ് (1), (3), (4), (5) എന്നീ ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 2023 ജനുവരി 18-ാം തീയതിയിലെ സ.ഉ.(അച്ചടി) 14/2023/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും, 2023 ജനുവരി 19-ാം തീയതിയിലെ 229-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 108/2023 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം അതിലംഘിച്ചുകൊണ്ടും കേരള സർക്കാർ, താഴെപ്പറയുന്ന പട്ടികയിൽ ചേർത്തിരിക്കുന്ന അംഗങ്ങളെ ബോർഡിന്റെ ഡയറക്ടർമാരായി നാമനിർദ്ദേശം ചെയ്തുകൊണ്ട് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ഇതിനാൽ പുനഃസംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത് :—

## പട്ടിക

### I. കൈത്തറി തൊഴിലാളികളുടെയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും പ്രതിനിധികൾ

1. ശ്രീ. അരക്കൻ ബാലൻ,
   അരക്കൻ ഹൗസ്, ചിറയ്ക്കൽ, ഓണപ്പറമ്പ്,
   കണ്ണൂർ.
2. ശ്രീ. ബാബു എ.വി.,
   മണിയൂർ വീവേഴ്സ് സഹകരണ സംഘം,
   മണിയൂർ പി.ഒ., പയ്യോളി (വഴി), കോഴിക്കോട്.
3. ശ്രീ. പാറക്കുഴി സുരേന്ദ്രൻ,
   അഭിരാമം, ആലുവിള, ബാലരാമപുരം,
   തിരുവനന്തപുരം.
4. ശ്രീ. താവം ബാലകൃഷ്ണൻ,
   എ.ഐ.റ്റി.യു.സി. ഓഫീസ്, കല്ലിക്കോടൻ കാവിന് സമീപം,
   കണ്ണൂർ.
5. ശ്രീ. വി.ആർ. പ്രതാപൻ,
   ശ്രീ, വി.ആർ.എ. 11(1),
   മാടൻകോവിൽ ലെയിൻ, ശാസ്തമംഗലം,
   വെള്ളയമ്പലം, തിരുവനന്തപുരം.

### II. വ്യാപാരികൾ, തൊഴിലുടമകൾ, കൈത്തറി ഉല്പന്നങ്ങളുടെ ഉൽപ്പാദക പ്രതിനിധികൾ

1. ചെയർമാൻ,
   ഹാൻവീവ്, കണ്ണൂർ.
2. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഹാന്റ്ക്സ്, ഊറ്റുകുഴി,
സ്റ്റാച്യൂ പി.ഒ., തിരുവനന്തപുരം.

3. ശ്രീ. കെ. സേതുമാധവൻ,
വ്യാപാരി വ്യവസായി ഏകോപന സമിതി,
കെ.4-ഗാർമെന്റ്സ്,
എസ്.എം. സ്ട്രീറ്റ്, കോഴിക്കോട്.

4. ശ്രീ. പി. രവി,
പ്രസിഡന്റ്,
കണ്ണൂർ ജില്ലാ കൈത്തറി സഹകരണ സംഘം അസോസിയേഷൻ, കണ്ണൂർ.

5. ശ്രീ. ടി.വി. ബൈജു,
തളിയാട്ടിൽ വീട്,
എസ്.എൽ. പുരം പി.ഒ., ആലപ്പുഴ.

**III. സർക്കാർ പ്രതിനിധികൾ**

1. ശ്രീമതി എൻ.കെ. ചന്ദ്ര,
അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

2. ശ്രീ. ആർ. ബിജുകുമാർ,
അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

3. ശ്രീ. കെ.എം. സുനിൽ,
അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.),
തൊഴിൽ ഭവൻ, തിരുവനന്തപുരം.

4. ശ്രീമതി ലേഖ എസ്.,
ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

5. ശ്രീ. കെ.എ. ഷാജു,
ഡെപ്യൂട്ടി ലേബർ കമ്മീഷണർ ആന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (പൂർണ്ണ അധിക ചുമതല),
കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കണ്ണൂർ.

പ്രസ്തുത ആക്റ്റിലെ 6-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം, ശ്രീ. അരക്കൻ ബാലൻ, അരക്കൻ ഹൗസ്, ചിറയ്ക്കൽ, ഓണപ്പറമ്പ്, കണ്ണൂർ-നെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനായി സർക്കാർ ഇതിനാൽ നിയമിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഷാനവാസ് എസ്.,

*ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2023 ജനുവരി 18-ാം തീയതിയിലെ സ.ഉ.(അച്ചടി) 14/2023/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും, 2023 ജനുവരി 19-ാം തീയതിയിലെ 229-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 108/2023 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം പുന:സംഘടിപ്പിച്ച കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഡയറക്ടർമാരുടെ കാലാവധി 2026 ജനുവരി 18-ാം തീയതി അവസാനിച്ച സാഹചര്യത്തിൽ, പ്രസ്തുത വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ട് ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ പ്രാബല്യത്തോടെ പ്രസ്തുത ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.21 02:43:55 +05:30